## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 43 27.9..2011-ൽ മറുപടിക്ക്.

## കാവൽക്കാരില്ലാത്ത റെയിൽവേ ലെവൽക്രോസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ. നാരായണൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.സി.കെ. സദാശിവൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാവൽക്കാരില്ലാത്ത റെയിൽവേ ലെവൽക്രോസുകളിൽ ദുരന്തങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ഉണ്ട്, സംസ്ഥാന റയിൽവേ ലെവൽ ക്രോസ്സിംഗുകളിൽ 2010 - ൽ 5 അപകടങ്ങളിലായി 7 ആൾക്കാർ മരിച്ചു. 2011 - ൽ 2 അപകടങ്ങളിൽ 5 മരണം സംഭവിച്ചു. |
| (ബി) | റെയിൽവേ ലെവൽക്രോസുകളിൽ കാവൽക്കാരില്ലാത്തവ എത്രയാണെന്നും ഇവിടങ്ങളിൽ അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എന്താണെന്നും വിശദമാക്കാമോ; | (ബി) | കാവൽക്കാരില്ലാത്ത 105 റയിൽവേ ലെവൽ ക്രോസ്സിംഗുകൾ സംസ്ഥാനത്തുണ്ട്. കഴിഞ്ഞ മാസം അത്തരത്തിലുള്ളവയിൽ ഏഴെണ്ണത്തിൽ ആളെ നിയോഗിച്ചു. റയിൽവേ സേഫ്റ്റി കമ്മീഷണറുടെ ക്ലിയറൻസ് കിട്ടുന്ന മുറയ്ക്ക് 14 എണ്ണത്തിൽ കൂടി ആളുകളെ നിയമിക്കുന്നതാണ്. കാവൽ ക്കാരില്ലാത്ത ലെവൽ ക്രോസ്സിംഗുകൾ ഉപയോഗിക്കുന്ന റോഡ് യാത്രക്കാർക്ക് കൗൺസലിംഗ് നല്കുകയും, ലഘുരേഖകൾ വിതരണം ചെയ്യുകയും, സുരക്ഷയെക്കുറിച്ച് ജില്ലാ പഞ്ചായത്ത് . ഡ്രൈവിംഗ് സ്കൂളുകൾ. ഗതാഗത |

| | | | |
|---|---|---|---|
| | | | അധികാരികൾ, എന്നിവർ മുഖേന അവബോധം സൃഷ്ടിക്കുകയും സുരക്ഷാ രഥയാത്ര ചെണ്ടമേള ത്തോടുകൂടി നടത്തുകയും ചെയ്യുന്നു. തിരുവനന്തപുരം ഡിവിഷനിൽ 31.12.2012 ഓടെ എല്ലാ കാവൽക്കാരില്ലാത്ത ലെവൽ ക്രോസിംഗുകളിലും കാവൽക്കാരെ നിയോഗിക്കുവാൻ പദ്ധതിയുണ്ട്. |
| (സി) | അപകടങ്ങൾ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യ ത്തിൽ റെയിൽവേ ബോർഡ് ഇക്കാര്യത്തി ലെന്തെങ്കിലും നടപടി സ്വീകരിച്ചിട്ടു ള്ളതായി അറിവുണ്ടോ? | (സി) | അഞ്ച് വർഷക്കാലയളവിനുള്ളിൽ എല്ലാ കാവൽക്കാരില്ലാത്ത ലെവൽ ക്രോസ്സിംഗുകളിലും ആളെ നിയോഗിക്കുവാൻ റെയിൽവേ ബോർഡ് പദ്ധതിയിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ